(ഡി) മിഷന്റെ ആസ്ഥാനം തിരുവനന്തപുരത്ത് പൂജപ്പുരയിലുള്ള സാമൂഹ്യക്ഷേമ വകുപ്പിന്റെ ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സിലാണ്. മിഷന് ജില്ലാതല ഓഫീസുകൾ ഇല്ല. ജില്ലാതല പ്രവർത്തനത്തിന് ജില്ലാ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ സഹായം ലഭിക്കുന്നുണ്ട്.

(ഇ) വയോജനങ്ങൾക്ക് താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്:

(a) സാമൂഹ്യക്ഷേമ വകുപ്പിന്റെ എല്ലാ വൃദ്ധമന്ദിരങ്ങളിലും വൃദ്ധജനങ്ങളുടെ പരിപാലനത്തിനായി കെയർ ഗിവേഴ്സിന്റെ സേവനം നൽകിയിട്ടുണ്ട്. ഇതിനായി മിഷൻ 22.12 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(b) സാമൂഹ്യക്ഷേമ വകുപ്പിന്റെ ചില വൃദ്ധസദനങ്ങൾ കൂടുതൽ agedfriendly ആകാൻ വേണ്ട സജ്ജീകരണങ്ങൾക്കായി ഈ സ്ഥാപനങ്ങൾ നവീകരിക്കാൻ മിഷൻ KHRWS-നെ ഏൽപ്പിച്ചു. ഇതിനുള്ള എസ്റ്റിമേറ്റ് 313.18 ലക്ഷം രൂപയാണ്. ഇതിൽ 222.77 ലക്ഷം രൂപ നാളിതുവരെ മിഷൻ KHRWS-ന് നൽകിയിട്ടുണ്ട്.

(c) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒൻപതാം വാർഡിലെ വൃദ്ധജനങ്ങളുടെ പരിപാലനത്തിനായി ഒൻപതാം വാർഡ് നവീകരിക്കുന്നു. ഇതിനായി KHRWS-ന്റെ എസ്റ്റിമേറ്റ് 71.72 ലക്ഷം രൂപയാണ്. നാളിതുവരെ മിഷൻ 21.77 ലക്ഷം രൂപ KHRWS-ന് നൽകിയിട്ടുണ്ട്.

(d) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒൻപതാം വാർഡിലെ വയോജനങ്ങളെ സാമൂഹ്യക്ഷേമ വകുപ്പിന്റെ വൃദ്ധസദനങ്ങളിൽ പുനരധിവസിപ്പിക്കുന്ന പദ്ധതി. ഇതിനായി മിഷൻ 0.34 ലക്ഷം രൂപ ചെലവഴിച്ചു.

കൊയിലാണ്ടി മണ്ഡലത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

71 (661) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യക്ഷേമ വകുപ്പ് കൊയിലാണ്ടി മണ്ഡലത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയത് ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനുവേണ്ടി മണ്ഡലത്തിൽ എത്ര രൂപ ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly